## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 717** **29/05/2019-ൽ മറുപടിയ്ക്ക്**

### സംസ്ഥാന ജില്ലാസഹകരണബാങ്കുകളിലെ അഡ്മിനിസ്ട്രേറ്റർ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ബാങ്കിങ് നിയന്ത്രണനിയമം, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട്, സർഫേസി നിയമം, ആന്റി മണി ലോണ്ടറിംഗ് നിയമം തുടങ്ങിയ നിരവധി നിയമങ്ങൾക്കു അനുസൃതമായി നയരൂപീകരണം നടത്തേണ്ടവരാണ് സഹകരണ ബാങ്കുകളിലെ അഡ്മിനിസ്ട്രേറ്റർ മാർ എന്നിരിക്കെ ഭരണപരിചയ മില്ലാത്തവരെ അഡ്മിനിസ്ട്രേറ്റർ മാർ ആയി നിയമിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | സഹകരണ വകുപ്പിൽ ദീർഘകാല സേവന പരിചയമുള്ള ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ മാരെയാണ് ജില്ലാ സഹകരണ ബാങ്കിൽ അഡ്മിനിസ്ട്രേറ്റർമാരായി നിയമിച്ചിട്ടുള്ളത്. സംസ്ഥാന സഹകരണ ബാങ്കിൽ സെക്രട്ടറി റാങ്കിലുള്ള ഐ.എ.എസ് ഉദ്യോഗസ്ഥയെയാണ് അഡ്മിനിസ്ട്രേറ്ററായി നിയമിച്ചിട്ടുള്ളത്. |
| (ബി) | ജില്ലാ സഹകരണബാങ്കുകളിലേയും സംസ്ഥാന സഹകരണബാങ്കുകളി ലേയും നിർവഹണ ഉദ്യോഗസ്ഥർ വിദ്യാഭ്യാസപരമായും പരിചയ സമ്പത്തു കൊണ്ടും ഉയർന്ന നിലവാരം ഉള്ള തികഞ്ഞ പ്രൊഫഷണലുകൾ ആയിരിക്കെ, അവർക്കു മുകളിൽ അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കു | (ബി) | ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കുകളിലേയും നിർവഹണ ഉദ്യോഗസ്ഥർക്കു മുകളിൽ അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കുന്നത് ബാങ്കുകളുടെ പ്രവർത്തന മികവിനെ ബാധിക്കുമെന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തന സ്വാതന്ത്ര്യം അഡ്മിനിസ്ട്രേറ്റർമാർ തടസ്സപ്പെടുത്തുന്ന തായും ശ്രദ്ധയിൽപെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ന്നത് ബാങ്കുകളുടെ പ്രവർത്തന മികവിനെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തന സ്വാതന്ത്ര്യം അഡ്മിനി സ്ട്രേറ്റർമാർ തടസ്സപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | ബാങ്കിങ് മേഖലയിലെ പ്രൊഫഷണലുകളെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന ജില്ലാ സഹകരണബാങ്കുകൾക്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ബാങ്കിംഗ് മേഖലയിലെ പ്രൊഫഷണലുകളെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾക്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ